## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 422** — **29.6.2012-ന് മറുപടിക്ക്**

### പ്രവർത്തനരഹിതമായ മാലിന്യസംസ്കരണ പ്ലാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>'' വി. ശിവൻകുട്ടി<br>'' എ. പ്രദീപ്കുമാർ<br>'' ബാബു എം. പാലിശ്ശേരി | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ കോർപ്പറേഷനുകൾക്ക് കീഴിലുള്ള ഏതെങ്കിലും മാലിന്യസംസ്കരണ പ്ലാന്റുകൾ അടച്ചുപൂട്ടുകയോ പ്രവർത്തനരഹിതമാകുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | എ) ഈ സർക്കാർ അധികാർമേറ്റശേഷം തിരുവനന്തപുരം നഗരസഭയിലെ മാലിന്യം സംസ്ക്കരിക്കുന്നതിനുവേണ്ടി വിളപ്പിൽ ശാലയിൽ പ്രവർത്തിച്ചു വന്നിരുന്ന മാലിന്യ സംസ്ക്കരണ പ്ലാന്റ് തദ്ദേശവാസികളുടെ പ്രതിരോധത്തെ തുടർന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. കൊല്ലം നഗരസഭയിലെ പ്ലാന്റും ജനങ്ങളുടെ എതിർപ്പ് മൂലം പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. |
| ബി) എന്തെല്ലാം കാരണത്താലാണ് ഇവ അടച്ചുപൂട്ടുകയോ പ്രവർത്തനരഹിതമായിത്തീരുകയോ ചെയ്തത് എന്ന് അറിയിക്കുമോ ; | ബി) തദ്ദേശ വാസികളുടെ ശക്തമായ എതിർപ്പും, പ്രതിരോധവും മൂലം പ്ലാന്റിലേക്ക് മാലിന്യം എത്തിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതുമൂലം പ്ലാന്റ് തുടർന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല.<br>• വിളപ്പിൽ ശാല മാലിന്യ സംസ്ക്കരണ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുവദിച്ചു കൊണ്ടുള്ള കോടതി വിധിക്കെതിരെ വിളപ്പിൽ ഗ്രാമപഞ്ചായത്ത് |

സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തെങ്കിലും അവ അംഗീകരിക്കപ്പെടുകയുണ്ടായില്ല. തുടർന്ന് കോടതി വിധി സമാധാനപരമായി നടപ്പിലാക്കുന്നതിന് വിളപ്പിൽ ഗ്രാമപഞ്ചായത്തുമായി ചർച്ചകൾ നടത്തി എങ്കിലും ആയത് പരാജയപ്പെടുകയുമാണുണ്ടായത്. തുടർന്ന് 2012 ഫെബ്രുവരി 13-ന് പോലീസ് സംരക്ഷണത്തോടെ നഗരസഭയിൽ നിന്നുളള മാലിന്യം വിളപ്പിൽശാലയിലേക്ക് കൊണ്ടു പോകുന്നതിന് നടപടികൾ സ്വീകരിച്ചെങ്കിലും തദ്ദേശ വാസികളുടെ ശക്തമായ പ്രതിരോധം മൂലം ശ്രമം പരാജയപ്പെടുകയാണുണ്ടായത്. ഇക്കാര്യത്തിൽ ഹൈക്കോടതി മീഡിയേഷൻ സെന്റർ മുഖേന മധ്യസ്ഥ ചർച്ചകൾ നടന്നു വരുന്നു.

സി) മാലിന്യസംസ്കരണപ്ലാന്റുകൾ പ്രവർത്തിക്കാത്തതുമൂലം പ്രസ്തുത കോർപ്പറേഷൻ പരിധിയിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഡി) മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

ഡി) സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ